## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5245. 06.02.2014 ൽ മറുപടിയ്ക്ക്.

<u>സ്വകാര്യ ബസ് ഉടമകളുടെ ഇൻഷ്വറൻസ് തട്ടിപ്പ്</u>

| | ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>" കെ.കെ. നാരായണൻ<br>" കെ. ദാസൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സ്വകാര്യ ബസ് ഉടമകൾ ഇൻഷ്വറൻസ് മേഖലയിൽ വൻ തട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സംസ്ഥാന ട്രാൻസ്പോർട്ട് കമ്മീഷണർ ഇതു സംബന്ധമായി റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്.<br>ഈ വിഷയത്തിൽ ഇൻഷ്വറൻസ് കമ്പനികൾക്കും ഇൻഷ്വറൻസ് റെഗുലേറ്ററി & ഡെവലപ്പ്മെന്റ് അതോറിറ്റിക്കും ട്രാൻസ്പോർട്ട് കമ്മീഷണർ കത്തയച്ചിട്ടുണ്ട്. |
| (ബി) | സ്വകാര്യ ബസ് ഉടമകൾ ഉൾപ്പെടെ സ്വകാര്യ വാഹനങ്ങളുടെ ഉടമകൾ നിശ്ചിത സമയം വാഹനങ്ങൾ ഇൻഷ്വർ ചെയ്യുന്നു എന്നുറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | മോട്ടോർവാഹന വകുപ്പ് ഇൻഷ്വറൻസ് ഇൻഫർമേഷൻ ബ്യൂറോയുമായി ചേർന്ന് വാഹനങ്ങളുടെ ഇൻഷ്വറൻസ് സംബന്ധിച്ച ഡാറ്റാ ഷെയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതു പ്രാവർത്തികമാകുമ്പോൾ യഥാസമയം വാഹനങ്ങൾ ഇൻഷ്വർ ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാൻ കഴിയും. |
| (സി) | മനഃപൂർവ്വം കമ്പനികളുടെ പേരിൽ വണ്ടിചെക്ക് നൽകി ഇൻഷ്വറൻസ് നേടിയെടുക്കുകയും പിന്നീട് ചെക്ക് ബാങ്കിലെത്തി പണമില്ലാതെ മടങ്ങുമ്പോൾ കമ്പനി ഇൻഷ്വറൻസ് റദ്ദാക്കുന്നതും അതുവഴി തട്ടിപ്പ് നടത്തിവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ.